NED

## പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്

വിഷയം:- പൊതു വിദ്യാഭ്യാസം-എയ്ഡഡ്-നിയമനാംഗീകാരം-ശ്രീ.സന്ദീപ് കെ., ഫുൾ ടൈം മീനിയൽ- എസ്.എം.എം. എച്ച്.എസ്.എസ്, രായിരിമംഗലം- കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:-1) 28-12-2014-ലെ മാനേജരുടെ അപേക്ഷ.
2) 23-12-14 ലേയും 12-3-15 ലേയും തിരുരാങ്ങാടി ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി4-6234/14 നമ്പരിലെ കത്തുകൾ.

**ഉത്തരവ് നമ്പർ.കെഡിസ്/ഇഎം2/5013/15/ഡിപിഐ തിയതി, 24/4/2015**

രായിരിമംഗലം എസ്.എം.എം.എച്ച്.എസ്.എസ് മാനേജർ ശ്രീ.സന്ദീപ് കെ-യെ 01-04-2010 മുതൽ എഫ്.ടി.എം.ആയി നിയമിച്ചു. നിയമന ഉത്തരവ് 18-11-2014 നാണ് മാനേജർ തിരൂരങ്ങാടി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിച്ചത്. ആയതിനാൽ നിയമന ഉത്തരവു സമർപ്പിക്കുന്നതിൽ 4 വർഷവും 7 മാസവും 3 ദിവസവും കാലതാമസം നേരിട്ടു. മാനേജർ സ്ഥലത്തില്ലാതിരുന്നതാണ് കാലതാമസത്തിനുള്ള കാരണമായി പറയുന്നത് മേൽ കാലതാമസം മാപ്പാക്കുവാനായി മാനേജർ ഈ ആഫീസിൽ അപേക്ഷ നൽകി. തിരുരങ്ങാടി ജില്ലാ വിദ്യാഭ്യാസ ആഫീസർ കാലതാമസം മാപ്പാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സഹചര്യത്തിൽ ശ്രീ.സന്ദീപ് കെ-യുടെ നിയമന ഉത്തരവ് മാനേജർ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു

എൽ.രാജൻ,
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**(ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

സ്വീകർത്താവ്

1) മാനേജർ, എസ്.എം.എം. എച്ച്.എസ്.എസ്, രായിരിമംഗലം, മലപ്പുറം.
2) വിഭ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം.
3) ജില്ലാ വിദ്യാഭ്യാസ ആഫീസർ, തിരുരങ്ങാടി
4) ഹെഡ്മാസ്റ്റർ, എസ്.എം.എം. എച്ച്.എസ്.എസ്, രായിരിമംഗലം, മലപ്പുറം.
5) സന്ദീപ് കെ., എഫ്.ടി.എം (ഹെഡ്മാസ്റ്റർ മുഖേന)
6) സ്പെയർ.
7) സ്റ്റോക്ക് ഫയൽ.
8) സൂപ്രണ്ട്, എൻ.ഇ.പി സെക്ഷൻ.

വി.പി.25-4

## പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ന്റെ നടപടി ഉത്തരവ്

### (ഹാജർ: എൽ. രാജൻ)

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - നിയമനാംഗീകാരം - ശ്രീമതി. സൗജത്ത്.കെ.എം, ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, പൊന്നാനി - റിവിഷൻ ഹർജി - നിരസിച്ചുത്തരവാകുന്നു -

പരാമർശം :
1. 17/7/2014-ലെ ശ്രീമതി. സൗജത്തിന്റെ ഹർജി.
2. 3/3/2011-ലെ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ബി4/1729/2011 നമ്പരിലെ നടപടി ഉത്തരവ്.
3. ബി5/7664/2014 നമ്പരിലെ 13/11/2014-ലേയും ബി5/1080/2015 നമ്പരിലെ 19/2/2015-ലേയും തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടുകൾ.
4. 24/2/2015-ലെ ഈ ഓഫീസിലെ ഹിയറിംഗ്.

**ഉത്തരവ് നമ്പർ കെ.ഡിസ്/ഇ.എം (2)/64861/2014/ഡി.പി.ഐ തീയതി 24-4-2015.**

പൊന്നാനി എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ ശ്രീമതി.സൗജത്ത്.കെ. എം. നെ ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) ആയി 1/6/2010 മുതൽ 31/5/2011 വരെ ശ്രീ.മുഹമ്മദാലി.എ, ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) ന്റെ ശൂന്യവേതനാവധി ഒഴിവിൽ നിയമിച്ചു. ഈ നിയമനം താഴെപ്പറയുന്ന കാരണങ്ങളാൽ തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

(1) 1990-ന് ശേഷം ആരംഭിച്ച സ്കൂളായതിനാൽ എല്ലാ ഒഴിവുകളും സംരക്ഷിത ജീവനക്കാരാൽ നികത്തപ്പെടണം. നിയമിത സംരക്ഷിത ജീവനക്കാരിയല്ല.

(2) മണ്ണാർക്കാട് എം.ഇ.എസ്. ഹൈസ്കൂളിൽ നിന്നും പൊന്നാനി എം.ഇ.എസ് ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ശ്രീ.എ.മുഹമ്മദലി ജോലിയിൽ പ്രവേശിച്ചിട്ടില്ല. ടിയാളെ വിടുതൽ ചെയ്തതിന്റെ രേഖകളും പൊന്നാനി എം.ഇ.എസ് ഹയർ സെക്കണ്ടറി സ്കൂളിൽ ലഭിച്ചിട്ടില്ല. ആയതിനാൽ പൊന്നാനി എം.ഇ.എസ് ഹയർ സെക്കണ്ടറി സ്കൂളിലെ അവധി ഒഴിവ് സ്പഷ്ടമല്ല.

തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകിയ അപ്പീലും നിരസിക്കപ്പെട്ടു.

മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ ഈ ഓഫീസിൽ റിവിഷൻ ഹർജി നൽകി. ഈ വിഷയത്തിൽ 24/2/2015-ന് ഈ ഓഫീസിൽ വച്ച് ഹിയറിംഗും നടത്തുകയുണ്ടായി. ഹിയറിംഗിൽ ശ്രീ.ഡി.ആർ. രാജേഷ്, ശ്രീമതി.സൗജത്തിന്റെ പ്രതിനിധി, ശ്രീ.യു.കെ.ഉണ്ണികൃഷ്ണൻ, ജൂനിയർ സൂപ്രണ്ട്, തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി, ശ്രീ.ഷാജു.കെ, ക്ലാർക്ക്, മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പ്രതിനിധി എന്നിവർ പങ്കെടുത്തു. ഹിയറിംഗിൽ പങ്കെടുത്തവർ സമർപ്പിച്ച രേഖകൾ വിശദമായി പരിശോധിക്കുകയുണ്ടായി.

(മറുപുറം...)

ശൂന്യവേതനാവധി എടുത്ത ശ്രീ.എ.മുഹമ്മദാലി മണ്ണാർക്കാട് എം.ഇ.എസ്. ഹൈസ്കൂളിൽ നിന്നും പൊന്നാനി എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ടെങ്കിലും ടിയാൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല. മാത്രമല്ല ശ്രീ.മുഹമ്മദാലിയെ 11/8/2009 മുതൽ ലാവണം മാറ്റിയത് സംബന്ധിച്ച രേഖകളൊന്നും ലഭിച്ചിട്ടില്ല എന്ന് തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ഒഴിവ് സ്പഷ്ടമല്ല. അതുകൊണ്ട് ശ്രീമതി. സൗജത്തിന്റെ റിവിഷൻ ഹർജി പരിഗണനാർഹമല്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. സൗജത്തിന്റെ 1/6/2010 മുതൽ 31/5/2011 വരെയുള്ള നിയമനം സംബന്ധിച്ച റിവിഷൻ ഹർജി നിരസിച്ചുത്തരവാകുന്നു.

**എൽ. രാജൻ.,**
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),**
**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**

1. മാനേജർ, എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, പൊന്നാനി, മലപ്പുറം.
2. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം.
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂർ.
4. ഹെഡ്മാസ്റ്റർ, എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, പൊന്നാനി, മലപ്പുറം.
5. ശ്രീമതി. സൗജത്ത്, എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, പൊന്നാനി, മലപ്പുറം (ഹെഡ്മാസ്റ്റർ വഴി)
6. കരുതൽ ഫയൽ.
7. ഓഫീസ് കോപ്പി.
8. സൂപ്രണ്ട്, എൻ.ഇ.പി - സെക്ഷൻ.

എ.സി-5/5

## പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ന്റെ നടപടി ഉത്തരവ്

**വിഷയം**:- പൊതു വിദ്യാഭ്യാസം — എയ്ഡഡ് - നിയമനാംഗീകാരം - ശ്രീ.രമേഷ്.കെ.എസ്, എച്ച്.എസ്.എ(പി.എസ്), ഐ.കെ.ടി.എച്ച്.എസ്.എസ് ചെറുകുളമ്പ - റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

**പരാമർശം**: - 1. 20.01.15 -ലെ മാനേജരുടെ റിവിഷൻ ഹർജി

2. കെ.ഡിസ്/ബി2/23484/2010 നമ്പരിലെ 03.02.11 -ലെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്.
3. 26.03.15 -ലെ ബി4/1185/2015 നമ്പരിലെ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട്.

**ഉത്തരവ് നം. കെ.ഡിസ്. ഇ.എം(2)/7732/2015/ഡി.പി.ഐ/തീയതി. 03.06.2015.**

ചെറുകുളമ്പ ഐ.കെ.ടി.എച്ച്.എസ്.എസ് മാനേജർ ശ്രീ.രമേഷ്.കെ.എസിനെ 02.06.2008 മുതൽ 31.03.2013 വരെ എച്ച്.എസ്.എ(പി.എസ്) ആയി ശ്രീമതി റഷീദ, എച്ച്.എസ്.എ (പി.എസ്)യുടെ ശൂന്യവേതനാവധി ഒഴിവിൽ നിയമിച്ചു. ഈ നിയമനം മേൽ സ്കൂളിൽ സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടില്ലായെന്ന കാരണത്താൽ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പിന്നീട് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശ പ്രകാരം ശ്രീ.രമേഷിന്റെ എച്ച്.എസ്.എ നിയമനം 13.08.2010 മുതൽ 31.03.2011 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുകയുണ്ടായി. 01.06.2011 മുതൽ 31.03.2013 വരെ ശമ്പള സ്കെയിലിൽ അംഗീകാരം ലഭിച്ചിരുന്നു..

02.06.2008 മുതൽ 31.05.2011 വരെ ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ച് മാനേജർ ഈ ഓഫീസിൽ റിവിഷൻ ഹർജി നൽകി. റിവിഷൻ ഹർജിയിൻമേലുള്ള അഭിപ്രായം മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറോടാരായുകയുണ്ടായി.

(മറുപുറം)

ഐ.കെ.ടി.എച്ച്.എസ്.എസ് ചെറുകുളമ്പ 1979 -ൽ പുതുതായി ആരംഭിച്ച സ്കൂളാണ്. 01.06.2005 മുതൽ 31.05.2010 വരെ ഒരു തസ്തിക സംരക്ഷിത ജീവനക്കാരനുവേണ്ടി നീക്കിവെച്ചിരുന്നു. 13.08.2010 -ന് ഒരു സംരക്ഷിത ജീവനക്കാരനെ നിയമിച്ചിരുന്നു. ടിയാൻ ഇപ്പോഴും സ്കൂളിൽ തുടരുന്നുണ്ട്. ആയതിനാലാണ് ടിയാന്റെ എച്ച്.എസ്.എ(പി.എസ്) നിയമനം 13.08.2010 മുതൽ 31.03.2011 വരെ അംഗീകരിച്ചത്. ആയതിനാൽ ശ്രീ.രമേഷ്.കെ.എസിന്റെ നിയമനം 02.06.2008 മുതൽ 31.05.2011 വരെ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന മാനേജരുടെ അപ്പീൽ പരിഗണനാർഹമല്ല.

മേൽ സാഹചര്യത്തിൽ ശ്രീ.രമേഷ്.കെ.എസിന്റെ എച്ച്.എസ്.എ(പി.എസ്) ആയുള്ള നിയമനം സംബന്ധിച്ച റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

**ജോൺസ് വി.ജോൺ**

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

**പകർപ്പ്:-**

1. മാനേജർ, ഐ.കെ.ടി.എച്ച്.എസ്.എസ് ചെറുകുളമ്പ, മലപ്പുറം.
2. വിദ്യാഭ്യാസ ഉപഡയറക്ടർ മലപ്പുറം.
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം.
4. ഹെഡ്മാസ്റ്റർ, ഐ.കെ.ടി.എച്ച്.എസ്.എസ് ചെറുകുളമ്പ, മലപ്പുറം.
5. ശ്രീ.രമേഷ്.കെ.എസ് (ഹെഡ്മാസ്റ്റർ വഴി)
6. കരുതൽ ഫയൽ
7. സ്പെയർ
8. സൂപ്രണ്ട് എൻ.ഇ.പി.സെക്ഷൻ

സി.എസ്

സി.എസ്.

spare

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)ന്റെ നടപടി ഉത്തരവ്**
**(ഹാജർ എൽ.രാജൻ)**

വിഷയം:- പൊതുവിദ്യാഭ്യാസം-എയ്ഡഡ്-നിയമനാംഗീകാരം-ശ്രീമതി.സിബി എം, എൽ.പി.എസ്.എ, എ.ആർ.നഗർ ഹൈസ്കൂൾ, ചെണ്ടപുറായ- റിവിഷൻ ഹർജി അനുവദിച്ചുത്തരവാകുന്നു.

പരാമർശം:- 1. 22-3-2014-ലെ ശ്രീമതി.സിബി എം-ന്റെ റിവിഷൻ ഹർജി.
2. 12-3-2014-ലെ ബി4-16673/13/കെ.ഡിസ് നമ്പരിലെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്
3. 26-5-2014-ലെ ബി2/1017/14/ താ.തീർപ്പ്, 18-08-2014-ലെ ബി2/3098/14, 10-12-2014 -ലെ ബി2/3098/14, നമ്പരുകളിലെ തിരൂരങ്ങാടി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്തുകൾ
4. 19-08-14-ലെ ബി4/22721/14 നമ്പറിലെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് .
5. 20-08-2014-ന് ഈ ഓഫീസിൽ വച്ചു നടത്തിയ ഹിയറിംഗ്

**ഉത്തരവ് നമ്പർ.കെ.ഡിസ്/ഇ.എം 2/28300/14/ഡി.പി.ഐ തീയതി30-5-2015**

ചെണ്ടപ്പുറായ എ.ആർ.നഗർ ഹൈസ്കൂൾ മാനേജർ ശ്രീമതി.സിബി എം-നെ എൽ.പി.എസ്എ. ആയി ശ്രീമതി.സൂസി ടി.പി രാജി വച്ച ഒഴിവിൽ മാനേജർ നിയമിച്ചു. ഈ നിയമനം തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു.

1. ശ്രീമതി.സൂസി ടി.പി.രാജി വച്ച ഒഴിവിൽ നിയമനം ലഭിക്കാൻ അർഹതയുള്ളത് മറ്റൊരു സീനിയർ അദ്ധ്യാപികയ്ക്കാണ്. സീനിയർ നിയമിതയുടെ നിയമനം അംഗീകരിച്ചിട്ടില്ല.
2. ശ്രീമതി.സൂസി ടി.പിയുടെ രാജി അംഗീകരിച്ചിട്ടില്ല.
3. മേൽ കാരണങ്ങളാൽ ഒഴിവ് സ്പഷ്ടമല്ല.

തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ അപ്പീലും നിരസിക്കപ്പെടുകയുണ്ടായി.

മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ ഈ ഓഫീസിൽ റിവിഷൻ ഹർജി നൽകി. ഈ വിഷയത്തിൽ 20-08-,2014-ന് ഈ ഓഫീസിൽ വച്ച് ഹിയറിംഗ് നടത്തി. ഹിയറിംഗിന് ശ്രീ.ഷാജു കെ, മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രതിനിധി, ശ്രീ. അശോക് എം, തിരൂരങ്ങാടി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി, ശ്രീ.മുഹമ്മദ് മുസ്തഫ, മാനേജരുടെ പ്രതിനിധി, ശ്രീ.രാധാകൃഷ്ണൻ നായർ, അഡ്വ.ശ്രീമതി.സിബിയുടെ), ശ്രീമതി.സിബി എം, എൽ.പി.എസ്.എ എന്നിവർ പങ്കെടുത്തു. ഹിയറിംഗ് വേളയിൽ നൽകിയ തുൾപ്പെടെ എല്ലാ രേഖകളും വിശദമായി പരിശോധിക്കുകയുണ്ടായി.

ശ്രീമതി.സിബിയുടെ സീനിയർ അവകാശിയായ ശ്രീമതി.ബിജി. പി 19-06-2012 വരെ മാത്രമേ സ്കൂളിൽ നിലവിലുള്ളൂ. ആയതിനാൽ ശ്രീമതി.എം.സിബിയെ ഉൾക്കൊള്ളാൻ 11-07-12 മുതൽ ഒരു എൽ.പി.എസ്.എ തസ്തിക ഒഴിവുണ്ട്. ആയതിനാൽ ശ്രീമതി.സിബി എം-ന്റെ റിവിഷൻ ഹർജി പരിഗണനാർഹമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി.സിബി എം-ന്റെ എൽ.പി.എസ്.എ ആയുള്ള നിയമനം സംബന്ധിച്ച റിവിഷൻ ഹർജി 11-07-2012 മുതൽ അനുവദിച്ചുത്തരവാകുന്നു. ഈ നിയമനം മറ്റു വിധത്തിൽ യോഗ്യമാണെങ്കിൽ അംഗീകരിക്കുവാൻ തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

എൽ.രാജൻ

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**

**സ്വീകർത്താവ്**

1. ശ്രീമതി.സിബി എം., എൽ.പി.എസ്.എ, എ.ആർ. നഗർ എച്ച്.എസ് ചെണ്ടപ്പുറായ, മലപ്പുറം
2. മാനേജർ, എ.ആർ. നഗർ എച്ച്.എസ് ചെണ്ടപ്പുറായ, മലപ്പുറം
3. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം.
4. ജില്ലാവിദ്യാഭ്യാസ ഓഫീസർ, തിരൂരങ്ങാടി
5. ഹെഡ്മാസ്റ്റർ, എ.ആർ. നഗർ എച്ച്.എസ് ചെണ്ടപ്പുറായ, മലപ്പുറം
6. സൂക്ഷിപ്പ് ഫയൽ
7. സ്പെയർ
8. സൂപ്രണ്ട്, എൻ.ഇ.പി. സെക്ഷൻ

എം-8-6-15

## പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ന്റെ നടപടി ഉത്തരവ്

വിഷയം:- പൊതുവിദ്യാഭ്യാസം-എയ്ഡഡ്-നിയമനാംഗീകാരം- ശ്രീമതി.രശ്മി ശ്രീധരൻ, എച്ച്.എസ്.എ (ഇംഗ്ലീഷ്), ഐ.കെ.ടി, എച്ച്.എസ്.എസ്, ചെറുകുളമ്പ, മലപ്പുറം-റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുന്നു

പരാമർശം:-
1. 15-1-2015-ലെ മാനേജരുടെ റിവിഷൻ ഹർജി.
2. 26-03-2015-ലെ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട്

### ഉത്തരവ് നമ്പർ.കെ.ഡിസ്/ഇ.എം 2/7730/15/ഡി.പി.ഐ തീയതി: 20-5-2015

ചെറുകുളമ്പ ഐ.കെ.ടി.എച്ച്.എസ്.എസ് മാനേജർ ശ്രീമതി രശ്മി ശ്രീധരനെ 2-2-2009 മുതൽ 31-3-2013 വരെ എച്ച്.എസ്.എ (ഇംഗ്ലീഷ്) ആയി ശ്രീ.അബ്ദുൾ നാസർ കാലടി എച്ച്.എസ്.എ (കണക്ക്) യുടെ 1-4-2008 മുതൽ 31-03-2013 വരെയുള്ള ശൂന്യവേതനാവധി യിൽ നിയമിച്ചു. ഈ നിയമനം 2-2-2009 മുതൽ 31-03-2009 വരെയുള്ള സേവനകാലം ശമ്പള സ്കെയിൽ വ്യവസ്ഥയിൽ അംഗീകാര യോഗ്യമല്ലെന്നും, സീനിയർ അദ്ധ്യാപകനായ ശ്രീ.മുഹമ്മദ് ബഷീറിന്റെ 14-06-2002 മുതൽ 10-06-2011 വരെയുള്ള നിയമനം അംഗീകരിച്ചി ട്ടില്ലാ എന്നുമുള്ള കാരണങ്ങളാൽ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പിന്നീട് ശ്രീമതി.രശ്മി ശ്രീധരനെ 1-06-2009 മുതൽ 31-03-2013 വരെ പുന:നിയമിച്ചു. ഈ നിയമനം ഐ.കെ.ടി.എച്ച്.എസ്.എസ്, ചെറുകുളമ്പ 1979 ന്ശേഷം ആരംഭിച്ച സ്കൂളായതിനാലും ഒരു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്നതിനാലും നിരസിക്കപ്പെട്ടു. പിന്നീട് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശപ്രകാരം ടിയാളുടെ നിയമനം 13-08-2010 മുതൽ 31-03-11 വരെ ദിവസവേതന വ്യവസ്ഥയിലും 1-6-2011 മുതൽ റഗുലർ ശമ്പള സ്കെയിലിലും അംഗീക രിക്കുകയുണ്ടായി. 13-08-2010-ന് ഒരു സംരക്ഷിതാദ്ധ്യാപിക സ്കൂളിൽ ജോലി ചെയ്തു വരു ന്നുണ്ട്.

1-06-2009 മുതൽ 31-05-2011 വരെയുള്ള സേവനകാലം തുടർച്ചയായി അംഗീകരിക്കണ മെന്നാവശ്യപ്പെട്ട് മാനേജർ ഈ ഓഫീസിൽ റിവിഷൻ ഹർജി നൽകി. റിവിഷൻ ഹർജി യിൻമേലുള്ള അഭിപ്രായം മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറോടാരായുകയുണ്ടായി.

ഐ.കെ.ടി.എച്ച്.എസ്.എസ്.ചെറുകുളമ്പ 1979 ന്ശേഷം ആരംഭിച്ച സ്കൂളായതിനാൽ ശ്രീമതി.രശ്മി ശ്രീധരന്റെ നിയമനം സംരക്ഷിതാ അദ്ധ്യാപകൻ ജോലിയിൽ പ്രവേശിച്ചതു മുതൽ അംഗീകരിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്. ആയതി നാൽ മാനേജരുടെ ഹർജി പരിഗണനാർഹമല്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി.രശ്മി ശ്രീധരന്റെ 1-06-2009 മുതൽ 31-05-2011 വരെയുള്ള നിയമനം സംബന്ധിച്ച മാനേജരുടെ റിവിഷൻ ഹർജി നിരസിച്ചുത്തരവാകുന്നു.

എൽ.രാജൻ
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

**സ്വീകർത്താവ്**

1. മാനേജർ, ഐ.കെ.ടി.എച്ച്.എസ്.എസ്, ചെറുകുളമ്പ, മലപ്പുറം.
2. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം.
3. ജില്ലാവിദ്യാഭ്യാസ ഓഫീസർ, മലപ്പുറം
4. ഹെഡ്മാസ്റ്റർ, ഐ.കെ.ടി.എച്ച്.എസ്.എസ്, ചെറുകുളമ്പ, മലപ്പുറം
5. ശ്രീമതി.രശ്മി ശ്രീധരൻ (ഹെഡ്മാസ്റ്റർ വഴി)
6. സൂക്ഷിപ്പ് ഫയൽ
7. സ്പെയർ
8. സ്വ.പണ്ട്. എൻ.ഇ.പി. സെക്ഷൻ